IVO/PKD/TMKD-3/23

20.7.23

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന മലയകം അഗ്രിഗേറ്റ്സ് ആന്റ് സാൻഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ക്രഷർ യൂണിറ്റിന്റെ മാനേജിങ്ങ് ഡയറക്ടറായ ശ്രീ.കെ. വി ആന്റോ നല്കിയ പരാതിയെ തുടർന്ന് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ റിപ്പോർട്ടും രേഖകളും , പരാതിക്കാരന് തന്നെ നല്കിയ രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സിറ്റിസൺ അസിസ്റ്റന്റെ അദാലത്ത് പാലക്കാട് 1 കമ്മിറ്റി കണ്ടെത്തിയ കാര്യങ്ങൾ

തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ 2000 ആണ്ടിലെ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ വാർഡ് 8/ 26 നമ്പർ ആയി ടി.സ്ഥാപനം രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് മുന്പ് വാർഡ് 2 /376 നമ്പറായും ഇപ്പോൾ വാർഡ് 11/ 479 നമ്പറായും രേഖപ്പെടുത്തിയിട്ടുണ്ട്. 2000 ആണ്ടിലെ ലൈസൻസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം ടി.സ്ഥാപനത്തിന് ലൈസൻസ് നൽകിയതായി കാണുന്നുണ്ട്. തുടർന്ന് 13.04.2012 ൽ 2012-13 കാലയളവിലേക്കും , 01.04.2014 ന് 2014-15 കാലയളവിലേക്കും ഗ്രാമപഞ്ചായത്ത് ടി. സ്ഥാപനത്തിന് ലൈസൻസ് നല്കിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ 02/2020-21 /എ7/879/20 തിയതി 22.02.2020 ന് 3 വർഷ കാലത്തേക്കും ലൈസൻസ് നൽകിയിട്ടുണ്ട്.

മലയകം അഗ്രിഗേറ്റ്സ് ആൻഡ് സാൻഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ രേഖൾ പരിശോധിക്കുമ്പോൾ കാലാകാലങ്ങളിൽ ഓരോരുത്തരെ മാനേജിംഗ് ഡയറക്ടറായി നിയമിക്കാറുണ്ട്. 19.05.2007 ൽ ശ്രീമതി. ആനി ചേറ്റുപുഴ ജോസഫിനേയും , 11.05.2012 ൽ ജോസഫ്

Copy Received
20/7/23
Secretary T.Kode GP
K.P. Ginachandran

ജോസഫിനേയും , 17.11.2016 മുതൽ ശ്രീ. കെ.വി .ആൻറ്റോയേയും മാനേജിംഗ് ഡയറക്ടർ മാരായി നിയമിച്ചിട്ടുണ്ട്.

റവന്യു രേഖകൾ പരിശോധിച്ചപ്പോൾ 03.04.2013 ന് തിരുമിറ്റക്കോട് 2 വില്ലേജിൽ രസീത് നമ്പർ . 7494352 പ്രകാരം മലയകം അഗ്രിഗേറ്റ്സ് ആൻഡ് സാൻഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ സർവ്വേ നമ്പർ 274 , 270/1, സ്ഥലത്തിന്റെ നികുതി വാങ്ങിയിട്ടുണ്ട്. 27.05.2004 ന് സർവ്വേ നമ്പർ 274 ന് രസീത് നമ്പർ – 7025606 പ്രകാരവും , 13.05.2015 സർവ്വേ നമ്പർ 274, 270/1 ന് രസീത് നമ്പർ 7479575 പ്രകാരവും നികുതി വാങ്ങിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ 17.04.2023 ടി.കമ്പനിയുടെ പേരിൽ സർവ്വേ നമ്പർ 274/3 , 270/1 പ്രകാരം ആകെ 9 ഹെ.81 ആർ .56 സ്ക്വ.മീ. സ്ഥലത്തിന്റെ നികുതി കെ.എൽ.09063201353/2023 രസീതി പ്രകാരം തിരുമിറ്റക്കോട് 2 വില്ലേജ് വാങ്ങിയിട്ടുണ്ട്.

ക്രമവൽക്കരണത്തിന്റെ ഭാഗമായി പരാതിക്കാരൻ തയ്യാറാക്കി സെക്രട്ടറി മുഖാന്തിരം 26.02.2018 ലെ എ4/760/18 കത്ത് പ്രകാരം നൽകിയ മെറ്റൽ ക്രഷർ യൂണിററ് നിർമ്മാണം ലേ ഔട്ട് അപേക്ഷ പാലക്കാട് ടൌൺ പ്ളാനർ 08.08.2018 ലെ സി 1520/18 കത്ത് പ്രകാരം ചീഫ് ടൌൺ പ്ളാനർക്ക് അയച്ച് നൽകി. 05.11.2018 ന് സി2/4199/2018/ഡിഡിഎസ് നമ്പർ പ്രകാരം ചീഫ് ടൌൺ പ്ളാനർ മെറ്റൽ ക്രഷർ യൂണിറ്റ് നിർമ്മാണം – ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവായി .

ചീഫ് ടൌൺ പ്ളാനറുടെ ലേ ഔട്ടിനോടൊപ്പം താഴെ പറയുന്ന രേഖകൾ സെക്രട്ടറിക്ക് പരാതിക്കാരൻ നൽകിയിട്ടുണ്ട്.

1. ഫയർ ആൻഡ് റെസ്ക്യു സർവ്വീസ് നിരാക്ഷേപ പത്രം (കംപ്ളീഷൻ) നം. എഫ്.ആർ.എസ്/ 09/പി.ടി.ബി/9778/2022/.അവസാന തിയതി. 20.07.2020

2. പൊല്യൂഷൻ കൺട്രോൾ ബോർഡ് – Consent to operate consent.no. PCB/PLKD/ICO/R2/12544291/20 date 14.02.2020.

3. ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ് ഡിപാർർട്ട്മെന്റിലെ ലൈസൻസ്. Reg.no. D14/OTP/09/316/2019 dt 06.09.2019

4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 19.04.2023 ലെ കത്ത്- വനം വകുപ്പിന്റെ NOC അനുവദിക്കേണ്ട സാഹചര്യം ഇല്ല.

മേൽ സാഹചര്യങ്ങൽ പരിശോധിക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെടുന്നുണ്ട്.

1. ടി.സ്ഥാപനം വർഷങ്ങളായി ക്രഷർ യൂണിറ്റ് എന്ന നിലയിൽ പ്രവർത്തിച്ചു വരുന്നു.

2. നിയമാനുസൃതം ചീഫ് ടൌൺ പ്ളാനറുടെ ലേ ഔട്ടും മറ്റ് സ്ഥാപനങ്ങളുടെ അനുമതിയും ലഭിച്ചിട്ടുണ്ട്.

3. ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറില് ടി. സ്ഥാപനത്തിന്റെ Occupancy വാസഗൃഹം എന്ന നിലയിൽ തെറ്റായി കിടക്കുന്നു.

പരാതിക്കാരനായ ശ്രീ. കെ. വി. ആൻറ്റോ നല്കിയ രേഖകളുടേയും സെക്രട്ടറിയുടേയും റിപ്പോർട്ടിൻറെയും അടിസ്ഥാനത്തിൽ കണ്ടെത്തിയ

കാര്യങ്ങളെ വിശകലനം ചെയ്ത് താഴെ പറയുന്ന തീരുമാനങ്ങളിലേക്ക് സിറ്റിസൺ അസിസ്റ്റൻഡ് അദാലത്ത് പാലക്കാട് 1 കമ്മറ്റി എത്തുന്നു.

## തീരുമാനങ്ങൾ

1. ലഭ്യമായ രേഖകൾ പ്രകാരം 2000 ആണ്ട് മുതൽ മലയകം അഗ്രിഗേറ്റ്സ് ആൻഡ് സാൻഡ്സ് എന്ന ക്രഷർ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. 31.03.2022 വരെ ലൈസൻസ് , ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. സർക്കാറിന്റെ പുതിയ വ്യവസായ നയം അനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നല്കുമ്പോൾ അപേക്ഷയും , മുൻലൈസൻസ് കോപ്പിയും , കാലാവധി കഴിഞ്ഞ അനുമതി പത്രങ്ങളുടെ പുതുക്കിയ കോപ്പിയും ഹാജരാക്കിയാൽ മതി. ഇവർ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകേണ്ടതാണ്.

2. ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്വെയറില് ടി. സ്ഥാപനം വാസഗൃഹം എന്ന Occupancyയിൽ ആയതിനാൽ ലൈസൻസ് നിഷേധിക്കുന്നത് ഉചിതമല്ല. ആ തെറ്റ് സംഭവിച്ചിരിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് വന്ന ശ്രദ്ധക്കുറവ് മൂലമാണ്. ചീഫ് ടൌൺ പ്ളാനർ അംഗീകരിച്ച ലേ ഔട്ടിന്റെ അടിസ്ഥാനത്തിൽ ടി. സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ ക്രമവല്ക്കരണം , നിയമാനുസൃതം നടത്തേണ്ടതാണ്. ആയതിന് 22.03.2023 ന് സർക്കാർ പുറത്തിറക്കിയ സഉ (കൈ) നം. 77/2023/LSGD നമ്പർ പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിക്കാവുന്നതാണ്.

3. മേൽ കാര്യത്തിൽ നടപടിയെടുത്ത് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30.07.2023 നകം അദാലത്ത് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

സി.കെ.ഹരിദാസൻ , ഐ.വി.ഒ- കൺവീനർ

എം. മനോജ്. എ.ടി.പി- മെമ്പർ

20/7/23.

ഗീതസുബ്രം,അസി.എക്സിക്യുട്ടീവ്

എഞ്ചിനിയർ-മെമ്പർ